(ബി) ഉണ്ടെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷമുണ്ടായ വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

ആക്കുളം ടൂറിസം മേഖലയുടെ വികസനം

49 [727] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസം മേഖലയുടെ വികസനത്തിനായി 2001 മേയ് മാസത്തിനുശേഷം എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിക്കാത്തവ അതിവേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ആക്കുളം-അചുത്തറ-എഞ്ചിനീയറിംഗ് കോളേജുവഴി നാഷണൽ ഹൈവേയിലെ ചാവടിമുക്ക് റോഡ് ടൂറിസം പ്രാധാന്യം കണക്കിലെടുത്ത് വികസിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1. സംഗീതനൃത്ത ജലധാര.
2. സംഗീതനൃത്ത ജലധാര തിയേറ്റർ.
3. ആക്കുളം കായലിൽ പായൽമാറ്റൽ, ആഴം കൂട്ടൽ.
4. കുട്ടികളുടെ പാർക്കിലെ പഴയ കളിക്കോപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കൽ.
5. ആക്കുളം ബോട്ടുക്ലബ്ബിൽ പുതിയ ബോട്ടുകൾ വാങ്ങൽ.
6. കൃത്രിമ വെള്ളച്ചാട്ടവും ദീപാലങ്കാരവും.
7. കാസ്കേഡിന്റെ നിർമ്മാണം.
8. ആക്കുളം കായലിന്റെ വികസനം.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പ്രോജക്ട് ഇപ്പോൾ പരിഗണനയിലില്ല.

തെന്മല ഇക്കോ ടൂറിസം പദ്ധതികൾ

50 [728] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെന്മല ഇക്കോ ടൂറിസം പദ്ധതിക്ക് കേരളത്തിലെ മറ്റ് ഇക്കോ ടൂറിസം പദ്ധതികളുമായി ബന്ധമുണ്ടോയെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തെന്മലയിലെ മാൻ പുനരധിവാസ കേന്ദ്രവും ശെന്തുരുണി തടാകത്തിലെ ബോട്ടിംഗും ഇക്കോ ടൂറിസത്തിന്റെ ഭാഗമാണോ; ഇവിടെനിന്ന് ലഭിക്കുന്ന വരുമാനം ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് അടയ്ക്കുന്നത്; ഇവിടെ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് ഏത് ഹെഡിൽ നിന്നാണ് ശംബളം നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) മാൻ പുനരധിവാസ കേന്ദ്രത്തിൽ നിന്നും ബോട്ടിംഗിൽ നിന്നും എന്ത് വരുമാനമാണ് ഇക്കോ ടൂറിസം വകുപ്പിന് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇക്കോ ടൂറിസത്തിന്റെ ബോട്ടുകളിൽ ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നുണ്ടോ; ഇതിന് അനുവാദം നൽകിയത് ആരാണ്; പരിശീലനം നൽകുവാൻ യോഗ്യതയുള്ള എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തെന്മല ഇക്കോ ടൂറിസം പദ്ധതിക്ക് കേരളത്തിലെ മറ്റ് ഇക്കോ ടൂറിസം പദ്ധതികളുമായി ബന്ധമില്ല.

(ബി) തെന്മലയിലെ മാൻ പുനരധിവാസ കേന്ദ്രവും ശെന്തുരുണി തടാകത്തിലെ ബോട്ടിംഗും ഇക്കോ ടൂറിസത്തിന്റെ ഭാഗമാണ്. ഇവ വനത്തിനകത്തായതിനാൽ നിലവിലുള്ള വന നിയമങ്ങളനുസരിച്ച് കേരള ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ആണ് ഇവയുടെ മേൽനോട്ടം വഹിക്കുന്നത്. ഇവിടെനിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ 8782/103/എഫ്. ആർ. എന്ന ഹെഡിൽ പുനലൂർ സബ് ട്രഷറിയിലും ബാക്കി ഭാഗം തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയുടെ ബാങ്ക് അക്കൗണ്ടിലുമാണ് അടയ്ക്കുന്നത്. ഇവിടെ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് ശംബളം നൽകുന്നത് ശെന്തുരുണി വൈൽഡ് ലൈഫ് ഡിവിഷനിൽ നിന്നാണ്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2004-2005) മാൻ പുനരധിവാസ കേന്ദ്രത്തിൽ നിന്ന് 93,831 രൂപയും ബോട്ടിംഗിൽ നിന്ന് 13,92,450 രൂപയും ലഭിച്ചിട്ടുണ്ട്.

(ഡി) തെന്മല ഇക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി ബോട്ടുകളിൽ ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നില്ല.

പൊന്മുടി വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസന പദ്ധതികൾ

51 [729] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ പൊന്മുടി വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) ഒരു വർഷം എത്ര വിനോദ സഞ്ചാരികൾ പൊന്മുടി സന്ദർശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly